## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 8056 24.07.2012 ൽ മറുപടിയ്ക്ക്

## പരിസ്ഥിതി സൗഹൃദ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ

ചോദ്യം

ശ്രീ.പി.തിലോത്തമൻ

ഉത്തരം

സി.എൻ ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പരിസ്ഥിതി സൗഹൃദവും മലിനീകരണം നിയന്ത്രിക്കുന്നതുമായ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന എത്ര ചെറുകിട വ്യവസായ സ്ഥാപനങ്ങൾ ആലപ്പുഴ ജില്ലയിൽ ഉണ്ടെന്നു പറയാമോ; ഇവയ്ക്കു മലിനീകരണനിയന്ത്രണ വകുപ്പിൽ നിന്നും സഹായങ്ങൾ നൽകുന്നുണ്ടോ; | (എ) | പരിസ്ഥിതി സൗഹൃദ ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്ന 2,910 ചെറുകിട വ്യവസായ യൂണിറ്റുകൾ ആലപ്പുഴ ജില്ലയിൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത യൂണിറ്റുകൾക്ക് മലിനീകരണ നിയന്ത്രണ വകുപ്പിൽ നിന്നും പ്രത്യേക സഹായങ്ങൾ ഒന്നും തന്നെ നൽകുന്നില്ല. |
| (ബി) | പരിസ്ഥിതി മലിനീകരണത്തെ ചെറുക്കുന്നതും പരിസ്ഥിതിയോട് ഇണങ്ങുന്നതുമായ ഉല്പന്നങ്ങൾക്ക് വിപണിയിൽ വലിയ വിലയാണെന്നും അവ സാധാരണക്കാർക്ക് വാങ്ങാൻ കഴിയാത്തവയാണെന്നും ബോധ്യപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യം ചെറുക്കുന്നതിന് ഇത്തരം ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട യൂണിറ്റുകൾക്ക് സഹായം നൽകാനും ഉല്പന്നങ്ങൾക്ക് നികുതിയിളവ് നൽകാനും നടപടിയെടുക്കുമോ? | (ബി) | ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇത്തരം ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് സഹായവും, നികുതിയിളവും നൽകുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ